# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.8** **10.12.2012- ലെ മറുപടിക്ക്**

## സാം പിട്രോഡ അവതരിപ്പിച്ച പ്രോജക്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ മെന്റർ സാം പിട്രോഡയുടെ നേതൃത്വത്തിൽ അവതരിപ്പിച്ച പ്രോജക്ടുകൾ ഏതെല്ലാം; ഇതിൽ ഏതെല്ലാം പ്രോജക്ടുകൾ സർക്കാർ അംഗീകരിച്ചു; ഏതെല്ലാം പ്രോജക്ടുകൾ ഇതിനകം ആരംഭിച്ചു;<br><br>(ബി) മറ്റ് പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ? | ഇന്നവേഷൻ കൗൺസിലിന്റെ അധ്യക്ഷനും സംസ്ഥാനത്തിന്റെ മാർഗ്ഗദർശിയുമായ ശ്രീ. സാം പിട്രോഡ, 2012 ജനുവരി 25 - ന് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ കേരളത്തിന്റെ സമഗ്ര വികസനത്തിനായി താഴെ പറയുന്ന 10 പദ്ധതികൾ നിർദ്ദേശിക്കുകയുണ്ടായി.<br><br>1. തീരദേശ ജലപാത<br>2. നോളഡ്ജ് സിറ്റി<br>3. ആയുർവേദത്തിന്റെ ആധുനീകരണം<br>4. മാലിന്യ പരിപാലനം<br>5. ഇ - ഗവേണൻസ്<br>6. നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും<br>7. ആരോഗ്യ ഇൻഷുറൻസ്<br>8 വിരമിച്ചവരുടെ വൈദഗ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക.<br>9. പരമ്പരാഗത മേഖലകളുടെ ആധുനീകരണം<br>10. ഹൈസ്പീഡ് റെയിൽ കോറിഡോർ<br><br>പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ, ചീഫ്സെക്രട്ടറി, ധനവകുപ്പ് സെക്രട്ടറി, ആസൂത്രണ വകുപ്പ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ്, ദേശീയ |

ഇന്നവേഷൻകൗൺസിലിന്റെ പ്രതിനിധികൾ എന്നിവരടങ്ങുന്ന കോഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ അധ്യക്ഷതയിൽ വിശദപദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി വരികയാണ്. പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കിയതിനുശേഷം അവപരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ** ,